(ബി) വൈക്കം മണ്ഡലത്തിൽ വിതരണം ചെയ്ത വൃക്ഷത്തൈകളുടേയും, കാവുകൾക്ക് വിതരണം ചെയ്ത ധനസഹായത്തിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വൃക്ഷത്തൈകളുടെ വിതരണം

വർഷം	വിതരണം ചെയ്ത തൈകളുടെ എണ്ണം
2011-12	25000
2012-13	100000
2013-14	146000
2014-15	122125
2015-16	94315

കാവുകൾക്ക് നൽകിയ ധനസഹായം

വർഷം	പദ്ധതി	തുക
2011-12	ജൈവവൈവിധ്യ സംരക്ഷണം (6 എണ്ണം)	80,000
	കുട്ടനാട് പാക്കേജ് (60 എണ്ണം)	3,00,000
2012-13	ജൈവവൈവിധ്യ സംരക്ഷണം (5 എണ്ണം)	1,00,000
2013-14	ജൈവവൈവിധ്യ സംരക്ഷണം (4 എണ്ണം)	70,000
2014-15	ജൈവവൈവിധ്യ സംരക്ഷണം (4 എണ്ണം)	56,000
	കുട്ടനാട് പാക്കേജ് (37 എണ്ണം)	1,11,000

വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി

216 (3323) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി. ടി. ബൽറാം
ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വന വികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ വനവിഭവ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ പ്രവർത്തനങ്ങൾ വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നിർവ്വഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുനഃസംഘടിപ്പിച്ചു വരുന്നു. വനമേഖലകളിൽനിന്നും ശേഖരിച്ച തടിയേതര വനവിഭവങ്ങൾ സൂക്ഷിക്കുന്നതിനുള്ള ശേഖരണ കേന്ദ്രങ്ങൾ, സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള യന്ത്ര സംവിധാനങ്ങളോടുകൂടിയ പ്രോസസിംഗ് കേന്ദ്രങ്ങൾ, ഉൽപ്പന്ന-വിപണന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടെ 150 ലക്ഷം രൂപയുടെ ഒരു പദ്ധതി 2015-16-ൽ നടപ്പാക്കുന്നതിന് അനുമതി ആയിട്ടുണ്ട്.

(ബി) വനമേഖലകളിൽ നിന്നും ശേഖരിച്ച തടിയേതര വനവിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും യന്ത്രങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ കാര്യക്ഷമതയോടെ വിപണിയിലെ ആവശ്യാനുസരണം മൂല്യ വർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും അതുവഴി ആദിവാസികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങളും വരുമാനവും ഉണ്ടാക്കുകയുമാണ് മേൽ സംവിധാനം വഴി ലക്ഷ്യമിടുന്നത്.

(സി)

1. വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി വനവികാസ ഏജൻസികളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.
2. സംസ്ഥാന വനവികാസ ഏജൻസിയുടെ കീഴിൽ വനശ്രീ സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.
3. പ്രവർത്തനഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വനവികാസ ഏജൻസിയിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചു
4. ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധസസ്യ ബോർഡിന്റേയും മറ്റ് വിവിധ സർക്കാർ ഏജൻസികളുടെയും ധനസഹായം ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

5. വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റ് വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച വിദഗ്ധ പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. വനവിഭവ ശേഖരണത്തിൽ ഏർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.

7. വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.

8. വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു.

ശ്രീമതി എസ്. കുഞ്ഞമ്മയുടെ അപേക്ഷ

217 (3324) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റെയിഞ്ചറായി വിട്ടർ തടി ഡിപ്പോയിൽ ജോലി നോക്കുന്ന ശ്രീ. കെ. കൊച്ചുകോശിയുടെ അമ്മ കൊട്ടാരക്കര കിഴക്കേതെരുവിൽ തെക്കേവീട്ടിൽ എസ്. കുഞ്ഞമ്മ തന്റെ മകന് പ്രൊബേഷൻ ഡിക്ലയർ ചെയ്യാനും പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്താനും ആവശ്യപ്പെടുന്ന 7-1-2016-ലെ അപേക്ഷ വകുപ്പ് മന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ശ്രീ. കൊച്ചുകോശി സർവ്വീസിനിടയിൽ എന്തെങ്കിലും കേസ്സിൽപ്പെടുകയും പ്രസ്തുത കേസ് തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടോ;

(ഡി) ശ്രീ. കൊച്ചുകോശി തന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ;എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ എന്തെങ്കിലും നിയമ തടസ്സങ്ങൾ നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ 31-5-2016-ൽ റിട്ടയർ ചെയ്യും എന്ന വസ്തുത പരിശോധിച്ചിട്ട് ശ്രീ. കൊച്ചുകോശിയുടെ പ്രൊബേഷൻ ഉടൻ ഡിക്ലയർ ചെയ്യാനും അദ്ദേഹത്തിന് ലഭിക്കാനുള്ള പ്രൊമോഷൻ സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്താനും അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ & ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly